# ദാമ്പത്യ മര്യാദകൾ

## ദമ്പതികളുടെ ഒന്നിച്ചുള്ള നമസ്കാരം

**ഗ്രന്ഥകർത്താവ്:** മുഹമ്മദ് നാസ്വിറുദ്ദീൻ അൽബാനി (رحمه الله)
**ഗ്രന്ഥം:** آداب الزفاف في السنة المطهرة
**വിവർത്തനം:** സയ്യിദ് സഅ്ഫർ സ്വാദിഖ്

വൈവാഹിക ജീവിതത്തിലേക്ക് പ്രവേശിച്ചവർക്ക് ഒന്നിച്ച് രണ്ട് റകഅത്ത് നമസ്കരിക്കൽ സുന്നത്താണ്. കാരണം സച്ചരിതരായ പൂർവ്വസൂരികളിൽ നിന്ന് ഇങ്ങനെ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഇതിന്നുപയുക്തമായ രണ്ട് അഥറുകൾ (സ്വഹാബാക്കളുടെ വാക്കുകൾ) നമുക്ക് കാണാൻ സാധിക്കും.

ഒന്ന്:

അബീ ഉസൈദിൻെറ മൗല(അടിമ)യായിരുന്ന അബീ സഈദ് ഉദ്ധരിക്കുന്നു: (ഞാൻ അടിമയായിരിക്കെ വിവാഹം കഴിച്ചു, അങ്ങിനെ പ്രവാചകൻെറ ചില സ്വാഹാബികളെ ഞാൻ ക്ഷണിച്ചു. അവരിൽ ഇബ്നു മസ്ഊദും, അബൂദർറും, ഹുദൈഫയും(റ) ഉണ്ടായിരുന്നു. നമസ്കാരത്തിന് വിളിക്കപ്പെട്ടപ്പോൾ അബൂദർറ് മുന്നിടുവാൻ തുനിഞ്ഞപ്പോൾ അവർ എന്നോട് നീ ഇമാം നിൽക്കുകയെന്ന് പറയുകയുണ്ടായി[1], തുടർന്ന് ഞാൻ ചോദിച്ചു അങ്ങനെയാണോ കാര്യം? അവർ പറഞ്ഞു: അതേ. അങ്ങിനെ ഒരു അടിമയായ ഞാൻ മുന്നിട്ട്കൊണ്ട് അവരുമായി നമസ്കരിച്ചു. തുടർന്നവർ എനിക്കിങ്ങനെ പഠിപ്പിച്ച് തരുകയും ചെയ്തു. (നിൻെറ അടുത്ത് നിൻെറ ഭാര്യ പ്രവേശിച്ചാൽ നീ അവളെയും കൊണ്ട് രണ്ട് റകഅത്ത് നമസ്കരിക്കുക, പിന്നീട് നീ നിൻെറയടുത്ത് പ്രവേശിച്ച(ഭാര്യയുടെ)തിൻെറ നന്മയെപ്പറ്റി അല്ലാഹുവിനോട് ചോദിക്കുക, അതിൻെറ തിന്മയിൽ നിന്ന് ശരണം തേടുകയും ചെയ്യുക. തുടർന്ന് നിൻെറയും ഭാര്യയുടെയും പ്രശ്നം) (അബീബക്കറുബ്നു അബീ ശൈബ തൻെറ മുസ്വന്നഫിൽ ഉദ്ധരിച്ചത്, അത്പോലെ അബ്ദുർറസാഖും)

[1] അൽബാനി പറയുന്നു: പ്രവാചകൻെറ ചര്യയനുസരിച്ച് ആതിഥേയന് അതിഥി ഇമാമായി നമസ്കരിക്കുവാൻ പാടില്ല അനുവാദം കൂടിയാലല്ലാതെ എന്ന് ഈ ഹദീസിൽ നിന്നും പഠിക്കാവുന്നതാണ്. മുസ്ലിം ഉദ്ധരിക്കുന്ന ഹദീസിൽ കാണാവുന്ന താണ്. പ്രവാചകൻ(ﷺ) പറഞ്ഞു: (തൻെറ ആധിപത്യത്തിലോ, വീട്ടിലോ ഒരാൾ മഅ്മൂമായി നമസ്കരിക്കാവതല്ല)

രണ്ട്:

ശഖീഖിൽ നിന്ന്: (അബൂ ഹരീസ് എന്ന് പറയുന്ന ഒരാൾ വന്നുകൊണ്ട് പറഞ്ഞു: ഞാൻ ഒരു അടിമയായിട്ടുള്ള കന്യകയെ വിവാഹം കഴിക്കുകയുണ്ടായി, അവൾ എന്നോട് കോപിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. അപ്പോൾ അബ്ദുല്ലാഇബ്നു മസ്ഊദ് പറയുകയുണ്ടായി: (തീർച്ചയായും യോജിപ്പ് അല്ലാഹുവിൽ നിന്നും, കോപം പിശാചിൽ നിന്നുമാകുന്നു, അല്ലാഹു നിങ്ങൾക്ക് അനുവദനീയമാക്കിയതിൽ കോപമുണ്ടാക്കുവാൻ വേണ്ടി പിശാച് ഉദ്ദേശിക്കുന്നു, അവൾ നിൻെറയടുത്ത് വന്നാൽ അവളോട് നിൻെറ പിന്നിൽ നിന്ന് രണ്ട് റകഅത്ത് നമസ്കരിക്കുവാൻ വേണ്ടി നീ കൽപിക്കുക) മറ്റു റിപ്പോർട്ടിൽ ഇബ്നു മസ്ഊദിൽ നിന്ന് തന്നെ ഇങ്ങനെ കൂടി വർദ്ധിപ്പിച്ചിട്ടുണ്ട് (നീ പറയണം: അല്ലാഹുവേ, എൻെറ ഭാര്യയിൽ നീ എനിക്ക് അനുഗ്രഹം ചൊരിയേണമേ, അവർക്ക് എന്നിൽ നിന്നും അനുഗ്രഹം ചൊരിയേണമേ, അല്ലാഹുവെ നീ ഞങ്ങളെ നന്മയിൽ ഒരുമിപ്പിക്കുകയും, നീ ഞങ്ങളെ വേർപ്പെടുത്തുകയാണെങ്കിൽ നന്മയിൽ തന്നെ വേർപ്പെടുത്തുകയും ചെയ്യേണമേ) (അബീബക്കറുബ്നു അബീ ശൈബ മുസ്വന്നഫിലും, ത്വബ്റാനി ശരിയായ സനദിലൂടെ ഉദ്ധരിച്ചത്)